REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 10-03-2026 **സമയം** 12.30 AM

## പ്രധാന വാർത്തകൾ

- **CISF സ്ഥാപക ദിനത്തിൽ, സേനയിലെ ഉദ്യോഗസ്ഥർക്ക് ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും ആശംസ നേർന്നു.**
- **ലോക്സഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. ലോക്സഭ, ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിന് നാളെ കൊച്ചിയിലെത്തും.**
- **വിവാദ സാമൂഹ്യശാസ്ത്ര പാഠപുസ്തകം പിൻവലിച്ച് NCERT.**
- **വനിതാ ഏഷ്യൻ കപ്പ് ഫുട്ബോളിൽ, ഇന്ത്യ, ഇന്ന് ചൈനീസ് തായ്പേയിയെ നേരിടും.**

## വാർത്തകൾ വിശദമായി

കേന്ദ്ര വ്യവസായ സുരക്ഷാ സേനാ സ്ഥാപക ദിനത്തിൽ സേനയിലെ ഉദ്യോഗസ്ഥർക്ക് ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആശംസ നേർന്നു. സേനാംഗങ്ങളുടെ അർപ്പണബോധവും, പ്രൊഫഷണലിസവും, പ്രതിബദ്ധതയും രാജ്യത്തിന്റെ നിർണായക - അടിസ്ഥാന മേഖലയെ സംരക്ഷിക്കുന്നതായി ഉപരാഷ്ട്രപതി പറഞ്ഞു.

രാജ്യത്തെ അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കുന്നതിലെ CISF ന്റെ പങ്ക് പ്രധാനമന്ത്രി നരേന്ദ്രമോദിയും സാമൂഹിക മാധ്യമത്തിൽ എടുത്തുപറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരുദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിലെത്തും. ഉച്ചയ്ക്ക് ഒന്നരയോടെ കൊച്ചിയിലെത്തുന്ന പ്രധാനമന്ത്രി,

10,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. പൂർത്തീകരിച്ച പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി, മറ്റ് ചില പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും. തുടർന്ന് തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിലേക്ക് പോകുന്ന അദ്ദേഹം 5,650 കോടി രൂപയുടെ പദ്ധതികൾ നാടിന് സമർപ്പിക്കും.

റോഡ് അടിസ്ഥാന സൗകര്യമേഖലയിൽ കാസർകോട്ടെയും കോഴിക്കോട്ടെയും രണ്ട് പ്രധാന ദേശീയ പാതാ പദ്ധതികൾ കൊച്ചിയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. പ്രധാൻമന്ത്രി ഗ്രാം സഡക് യോജനയിൽ നിർമ്മിച്ച കേരളത്തിലെ 23 ഗ്രാമീണ റോഡുകളും നാളെ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ പുനർവികസിപ്പിച്ച സ്റ്റേഷനുകളും, ഷൊർണൂർ- നിലമ്പൂർ റോഡ് വൈദ്യുതീകരണവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

ഭാരത് പെട്രോളിയം കോർപ്പറേഷന്റെ കൊച്ചി എണ്ണ ശുദ്ധീകരണ ശാലയിൽ പോളി പ്രോപ്പിലീൻ യൂണിറ്റിന് നരേന്ദ്രമോദി തറക്കല്ലിടും.

ധീവരസഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളും പ്രധാനമന്ത്രി കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും.

പ്രധാനമന്ത്രിയുടെ സന്ദർശനത്തിനോടനുബന്ധിച്ച്, കൊച്ചി നഗരത്തിൽ ഇന്നും നാളെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. രാവിലെ 10 മുതൽ ഉച്ചയ്ക്ക് മൂന്നര വരെയാണ് നിയന്ത്രണം.

✪✪✪

രാജ്യത്തെ വിവിധ ട്രിബ്യൂണലുകളിലെ വിരമിക്കാനിരിക്കുന്ന ചെയർപേഴ്സൺമാരുടെയും അംഗങ്ങളുടെയും കാലാവധി നീട്ടണമെന്ന കേന്ദ്ര നിർദ്ദേശത്തിന് സുപ്രീം കോടതി അംഗീകാരം നൽകി. അടുത്ത സെപ്റ്റംബർ 8 വരെ കാലാവധി നീട്ടാനാണ് ഡിവിഷൻ ബെഞ്ച് അനുമതി നൽകിയത്. ബജറ്റ് സമ്മേളനത്തിലോ, പാർലമെന്റ് മൺസൂൺ സമ്മേളനത്തിലോ പുതിയ ട്രൈബ്യൂണൽ ബിൽ കൊണ്ടുവരാൻ കേന്ദ്ര ഗവണ്മെന്റ് ആലോചിക്കുന്നുണ്ടെന്ന് അറ്റോർണി ജനറൽ R വെങ്കട്ടരമണി അറിയിച്ചതിനെ തുടർന്നാണ് കാലാവധി നീട്ടാൻ അനുമതി നൽകിയത്.

✪✪✪

പെട്രോളിയം ഉൽപ്പന്നങ്ങളുടെ ലഭ്യതയ്ക്കും, തുല്യവും സ്ഥിരവുമായ വിതരണത്തിനും അവശ്യസാധന നിയമം ബാധകമാക്കി കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ പെട്രോളിയം ഉത്പന്നങ്ങൾ, പ്രകൃതി വാതകം എന്നിവയുടെ വിതരണത്തിൽ തടസ്സങ്ങളൊഴിവാക്കാനാണ് കേന്ദ്ര നടപടി.

✪✪✪

രാജ്യത്തെ എണ്ണ ശുദ്ധീകരണ ശാലകൾക്ക് LPG ഉത്പാദനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നിർദേശം നൽകി. വീടുകളിലെ ഉപയോഗത്തിന് സിലിണ്ടർ ദൗർലഭ്യം ഒഴിവാക്കാനാണ് LPG അധികമായി ഉത്പാദിപ്പിക്കുന്നത്. സിലിണ്ടർ ബുക്കിംഗുകൾക്കിടയിൽ 25 ദിവസത്തെ ഇടവേള ഏർപ്പെടുത്താനും പെട്രോളിയം മന്ത്രാലയം ആവശ്യപ്പെട്ടു. സിലിണ്ടറുകളുടെ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയാനാണ് നടപടി. ഇറക്കുമതി ചെയ്യുന്ന LPG, ഗാർഹികേതര ഉപയോക്താക്കൾക്ക് നൽകാനും മന്ത്രാലയം നിർദേശിച്ചു. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകണം.

✪✪✪

അന്താരാഷ്ട്ര വിപണിയിൽ എണ്ണവില കുറഞ്ഞ്, ബാരലിന് 92.50 യുഎസ് ഡോളറിലെത്തി. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ, ഇന്നലെ എണ്ണവില ബാരലിന് നൂറ് US ഡോളർ കടന്നിരുന്നു.

✪✪✪

ഖത്തർ എയർവേയ്സ് ഇന്ന് ഡൽഹി, മുംബൈ, കൊച്ചി എന്നിവിടങ്ങളിലേക്ക് മൂന്ന് വിമാനങ്ങൾ സർവീസ് നടത്തും. പശ്ചിമേഷ്യൻ സംഘർഷത്തിൽ ദോഹയിൽ കുടുങ്ങിയ ആയിരത്തോളം ഇന്ത്യക്കാർ കഴിഞ്ഞ മൂന്ന് ദിവസങ്ങളിൽ ഖത്തർ എയർവേയ്സ് വിമാനങ്ങളിൽ നാട്ടിലെത്തിയതായി ഖത്തറിലെ ഇന്ത്യൻ എംബസി അറിയിച്ചു.

✪✪✪

മുസ്ലീം രാജ്യങ്ങൾ ഇസ്രയേലിനെ ഉപദ്രവിക്കുന്നത്, രാജ്യം സഹിക്കില്ലെന്ന് വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ പറഞ്ഞതായി പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചു. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ, നിർമ്മിതബുദ്ധി ഉപയോഗിച്ച് സൃഷ്ടിച്ചതാണ് ദൃശ്യമെന്ന് PIB യുടെ വസ്തുതാന്വേഷണ വിഭാഗം അറിയിച്ചു.

✪✪✪

ഈ മാസം 12 മുതൽ 16 വരെ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നടത്താനിരുന്ന 12-ാം ക്ലാസ് പൊതുപരീക്ഷ, CBSE മാറ്റിവച്ചു. മേഖലയിലെ നിലവിലെ സാഹചര്യവും, അനിശ്ചിതത്വവും വിദ്യാർത്ഥികൾ നേരിടുന്ന മാനസിക സമ്മർദ്ദവും പരിഗണിച്ചാണ് തീരുമാനം എടുത്തതെന്ന് CBSE

വാർത്താകുറിപ്പിൽ അറിയിച്ചു. ബഹ്റൈൻ, ഇറാൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, UAE എന്നിവിടങ്ങളിലെ പരീക്ഷയാണ് മാറ്റിയത്.

✪✪✪

എക്സ്പ്ലോറിംഗ് സൊസൈറ്റി ഇന്ത്യ ആൻഡ് ബിയോണ്ട് ഗ്രേഡ് -8 എന്ന സാമൂഹ്യശാസ്ത്ര പാഠപുസ്തകം പിൻവലിച്ചതായി NCERT അറിയിച്ചു. ജുഡീഷ്യറിയിലെ അഴിമതിയെക്കുറിച്ച് പരാമർശിക്കുന്ന പുസ്തകം പ്രസിദ്ധീകരിച്ചതിന്, സുപ്രിംകോടതി വിമർശിച്ചിരുന്നു. നിരുപാധികം മാപ്പ് ചോദിക്കുന്നതായും, മുഴുവൻ പുസ്തകവും പിൻവലിക്കുന്നതായും NCERT അറിയിച്ചു.

✪✪✪

കുടുംബശ്രീ പോലെ ഭാവിയിൽ ലോകം ശ്രദ്ധിക്കുന്ന മാതൃകയായി 'സുശക്തി മിഷൻ' മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഭിന്നശേഷിക്കാരുടെയും, അവരുടെ കുടുംബാംഗങ്ങളുടെയും സമഗ്ര പുനരധിവാസം ലക്ഷ്യമിട്ട പദ്ധതി എന്ന രൂപത്തിലാണ് ഇത് നടപ്പിലാക്കുകയെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ, ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിന് ആരംഭിച്ച സുശക്തി സ്വയംസഹായ സംഘങ്ങൾ, തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പിണറായി വിജയൻ.

✪✪✪

LPG സിലിണ്ടറുകളുടെ പൂഴ്ത്തിവയ്പിനെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി GR അനിൽ, തിരുവനന്തപുരത്ത് അറിയിച്ചു. ജില്ലാകളക്ടറുടെയും ജില്ലാ സപ്ലൈ ഓഫീസർമാരുടെയും നേതൃത്വത്തിൽ, പരിശോധന സ്ക്വാഡുകൾ രൂപീകരിക്കുമെന്നും, ഗ്യാസ് സിലിണ്ടറുകളുടെ ലഭ്യത ഉറപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

മന്ത്രി KB ഗണേഷ് കുമാറിനെതിരായ ആരോപണങ്ങൾ ഇപ്പോൾ 'അടഞ്ഞ അധ്യായ'മാണെന്ന് നിയമസഭാ സ്പീക്കർ A.N ഷംസീർ കോഴിക്കോട്ട് പറഞ്ഞു, ഭാര്യ തന്നെ പരാതി പിൻവലിച്ചിരിക്കുകയാണ്. അവരുടെ കുടുംബ പ്രശ്നങ്ങൾ രാഷ്ട്രീയത്തിലേക്ക് വലിച്ചിഴക്കേണ്ടതില്ലെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു.

അടുത്ത ദിവസങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുമ്പോൾ വിഷയം രാഷ്ട്രീയ സ്വാധീനമുണ്ടാക്കുമോ എന്ന് ജനങ്ങൾ തീരുമാനിക്കുമെന്നും സ്പീക്കർ പറഞ്ഞു.

✪✪✪

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം സംഘടിപ്പിച്ച "വികസിത് ഭാരത് യൂത്ത് പാർലമെന്റി"ന്റെ സംസ്ഥാന തല മത്സരത്തിന്, തിരുവനന്തപുരത്ത് തുടക്കമായി. കേരള യൂണിവേഴ്‌സിറ്റി വൈസ് ചാൻസലർ മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്തു. ജില്ലാതലത്തിൽ വിജയിച്ച 70 പേരാണ് സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുന്നത്. ചടങ്ങിൽ PIB അഡീഷണൽ ഡയറക്ടർ ജനറൽ V പളനിച്ചാമി, സായ് സെന്റർ റീജിയണൽ ഡയറക്ടർ ഡോ. യാദവ് എന്നിവർ സംസാരിച്ചു.

✪✪✪

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല ആഗോളവൈജ്ഞാനിക ഹബ്ബായി മാറ്റുന്നതിന് കഠിനപ്രയത്നം തുടരുമെന്ന് മന്ത്രി ഡോ.Rബിന്ദു പറഞ്ഞു. PM ഉഷ സ്കീമിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ നിർമാണം പൂർത്തീകരിച്ച പദ്ധതികളുടെ ഉദ്ഘാടനവും നിർമാണ പ്രവൃത്തികളുടെ ശിലാ സ്ഥാപനവും ഓൺലൈനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

2025-ലെ സിവിൽ സർവീസ് പരീക്ഷയിൽ കേരളത്തിൽ നിന്ന് ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ സംസ്ഥാന ഗവൺമെന്റ് വൈകിട്ട് ആദരിക്കും. തിരുവനന്തപുരത്ത് അനുമോദനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന സിവിൽ സർവീസ് അക്കാദമിയുടെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

വനിതാ ഏഷ്യൻ കപ്പ് ഫുട്ബോളിൽ, ഗ്രൂപ്പിലെ അവസാന മത്സരത്തിൽ ഇന്ത്യ, ഇന്ന് ചൈനീസ് തായ്പേയിയെ നേരിടും. പെർത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് രണ്ടരയ്ക്കാണ് മത്സരം.

✪✪✪

ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പ് മത്സരത്തിന് എത്തിയ വെസ്റ്റ് ഇൻഡീസ്, ദക്ഷിണാഫ്രിക്ക ടീമുകൾ ഇന്ന് ചാർട്ടേർഡ് വിമാനത്തിൽ ജോഹന്നാസ്ബർഗിലേക്ക് പുറപ്പെടും. വെസ്റ്റ് ഇൻഡീസ് ടീം അവിടെ നിന്ന് ആന്റിഗ്വയിലേക്ക് പോകും.

മിഡിൽ ഈസ്റ്റിൽ സംഘർഷത്തെത്തുടർന്ന് അന്താരാഷ്ട്ര വ്യോമാതിർത്തി നിയന്ത്രണങ്ങൾ കാരണം ഇരു ടീമുകളും ദിവസങ്ങളോളം ഇന്ത്യയിൽ കുടുങ്ങിയതിനെ തുടർന്നാണ് വിമാനം ക്രമീകരിച്ചത്.

✪✪✪

മയക്കുമരുന്നിൽ വഴിതെറ്റി പോകാതെ യുവാക്കൾ കായിക വിനോദങ്ങളെ ജീവിതത്തിന്റെ ഭാഗമാക്കണമെന്ന് മന്ത്രി P രാജീവ് പറഞ്ഞു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിച്ച നാചുറൽ ഫുട്ബോൾ ടർഫും, അത്‌ലറ്റിക് ട്രാക്കിന്റെ ഒന്നാം ഘട്ട നിർമ്മാണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം വൈകിട്ട് തിരുവനന്തപുരം വഴുതക്കാട് ഗവണ്മെന്റ് വനിതാ കോളേജ് ഓഡിറ്റോറിയത്തിൽ മന്ത്രി ഡോ R ബിന്ദു വിതരണം ചെയ്യും. വിവിധ സർവ്വകലാശാലകളിൽ നിന്നും പഠിച്ചിറങ്ങിയ 2,000 വിദ്യാർത്ഥികൾക്കാണ് പുരസ്കാരം നൽകുന്നത്.

✪✪✪

പത്ത് വർഷത്തിനിടെ കേരളം പശ്ചാത്തല വികസന മേഖലയിൽ കൈവരിച്ചത് വലിയ കുതിച്ചുചാട്ടമാണെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. മൂവാറ്റുപുഴ നഗര വികസന പദ്ധതിയും, വിശ്രമ കേന്ദ്രവും ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്തിന് 2,924 കോടി രൂപയുടെ അധിക വായ്പ കൂടി എടുക്കാൻ കേന്ദ്രഗവണ്മെന്റ് അനുമതി ലഭിച്ചതായി മന്ത്രി K കൃഷ്ണൻകുട്ടി അറിയിച്ചു. ഇതോടെ, ഈ വർഷം വൈദ്യുതി മേഖലയിലെ മികച്ച പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ, മൊത്തം 5,848 കോടി രൂപയുടെ അധിക വായ്പാനുമതിയാണ് സംസ്ഥാനത്തിന് ലഭിച്ചതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

മികച്ച പൊലീസ് സേനാംഗങ്ങൾക്ക് നൽകുന്ന, സംസ്ഥാന പൊലീസ് മോധാവിയുടെ 'ബാഡ്ജ് ഓഫ് ഓണർ' പുരസ്കാരങ്ങൾ സമ്മാനിച്ചു.

കൊല്ലം സിറ്റി പൊലീസ് മേധാവി ഹേമലത, തിരുവനന്തപുരം റൂറൽ മുൻ മേധാവിയായിരുന്ന കിരൺ നാരായണൻ, കൊല്ലം സിറ്റി പൊലീസ്

മേധാവിയായിരുന്ന ചൈത്ര തെരേസ ജോൺ ഉൾപ്പെടെയാണ് പുരസ്കാരത്തിന് അർഹരായത്. തിരുവനന്തപുരത്ത് സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ പുരസ്കാരങ്ങൾ കൈമാറി.

✪✪✪

അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രത്തിന്റെ ഐതിഹ്യം കണക്കിലെടുത്ത് ടൂറിസം വകുപ്പ് DTPC മുഖേന നടപ്പാക്കിയ മാമാങ്കം-ചാവേർത്തറ പദ്ധതി വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് നാടിന് സമർപ്പിക്കും. ഒരു കോടി 63 ലക്ഷം രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

കത്തോലിക്ക കോൺഗ്രസ് 108-ാം ജന്മവാർഷിക സമ്മേളനവും, മഹാ റാലിയും ഈ മാസം 14 ന് കണ്ണൂരിൽ സംഘടിപ്പിക്കും. സിറോ മലബാർ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, മാർ ജോസഫ് പാംപ്ലാനി ഉൾപ്പെടെ പ്രമുഖർ പങ്കെടുക്കും. സമ്മേളനത്തിൽ സാമൂഹിക, രാഷ്ട്രീയ വിഷയങ്ങളിലെ സഭാ നിലപാട് വ്യക്തമാക്കുമെന്ന്, കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ, കണ്ണൂരിൽ പറഞ്ഞു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: അനിൽ ചന്ദ്രൻ,, നിമിഷ*
*DEO: ഷീബ*